


## മാർ ഈവാനിയോസ് പിതാവിനെ,
## വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനായുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങേക്ക് ആരാധനയും മഹത്വവും സ്തോത്രവും അർപ്പിക്കുന്നു. പിതാവായ ദൈവമേ, അവിടുത്തെ അനന്തകരുണയാൽ, കാലത്തിന്റെ തികവിൽ, മലങ്കര കത്തോലിക്ക സഭയ്ക്ക് അങ്ങ് രൂപം നൽകി. അതിനെ കരുപ്പിടിപ്പിക്കുന്നതിനും, വളർത്തി നയിക്കുന്നതിനുമായി, വന്ദ്യതാതനായ മാർ ഈവാനിയോസ് പിതാവിനെ, അവിടുന്ന് നിയോഗിച്ചു. പാവന ചരിതനും, പുണ്യശ്ലോകനുമായ, ഈ പിതാവിലൂടെ, ശാന്തിയും, സമാധാനവും, സത്യത്തിന്റെ പ്രകാശവും അനുഭവിക്കുന്ന മലങ്കര കത്തോലിക്കാസഭ, ഇന്ന് വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നുവല്ലോ. ആ പുണ്യതാതന്റെ വിശുദ്ധിയുടെ പരിമളവും, സ്നേഹത്തിന്റെ ഊഷ്മളതയും എല്ലാ ജനപദങ്ങൾക്കും മാതൃക യാകുന്നതിനും, ആഗോളസഭയ്ക്ക് പൊതുവായും, മലങ്കര കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും, ഒരു വിശുദ്ധന്റെ മാദ്ധ്യസ്ഥം കൂടി ലഭിക്കുന്നതിനുമായി, മാർ ഈവാനിയോസ് പിതാവിനെ, വിശുദ്ധ പദവിയിലേക്കുയർത്തി അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ താഴ്മയോടെ പ്രാർത്ഥിക്കുന്നു.

ആമ്മീൻ.

1 സ്വ. 1 നൻമ. 1 ത്രി.